കാലം സാക്ഷി

●
കുഞ്ഞിമുഹമ്മദ് വളാഞ്ചേരി

# അൽഅബാദില

(ഇസ്‌ലാമിക ചരിത്രത്തിൽ അൽ അബാദില എന്ന പേരിൽ അറിയപ്പെട്ട നാല് യുവസ്വഹാബികളെ പരിചയപ്പെടുത്തുന്നു ഈ ലക്കം മുതൽ)

**അൽ** അബാദില എന്നാൽ അബ്ദുല്ലമാർ എന്ന് അർഥം. ഇസ്‌ലാമിന് മുമ്പും അബ്ദുല്ല (അല്ലാഹുവിന്റെ അടിമ) എന്ന പേർ അറബികളിൽ പ്രചാരത്തിലുണ്ടായിരുന്നു. നബി(സ) യുടെ അനുചരന്മാരായ അബ്ദുല്ലാഹിബ്നു അബ്ബാസ്, അബ്ദുല്ലാഹിബ്നു ഉമർ, അബ്ദുല്ലാഹിബ്നുസ്സുബൈർ, അബ്ദുല്ലാഹിബ്നു അംറിബ്നിൽ ആസ് എന്നീ നാല് പേരാണ് ആ അബ്ദുല്ലമാർ. ഒട്ടേറെ ത്യാഗങ്ങൾ വരിക്കുകയും ഇസ്‌ലാമിക ചരിത്രത്തിൽ ആദ്യമായി സ്മരിക്കപ്പെടുകയും ചെയ്യുന്ന നാല് പ്രമുഖ സ്വഹാബിമാരുടെ മക്കളായിരുന്നു ഇവർ. സ്വഹാബികളിൽ വേറെയും അബ്ദുല്ലമാർ ഉണ്ടായിരുന്നുവെങ്കിലും അവർ ഈ പേരിൽ അറിയപ്പെടുന്നില്ല. മേൽപറഞ്ഞ അബാദിലയുടെ ചില സവിശേഷതകൾ:

ചെറുപ്രായത്തിൽ ഇസ്‌ലാം ആശ്ലേഷിച്ചു. ചിലർ ഇസ്‌ലാമിൽ തന്നെയാണ് പിറന്ന് വീണത്. നബിയെ ചുറ്റിപ്പറ്റിയും സമുന്നത സ്വഹാബികൾക്കൊപ്പവും അവർ ജീവിതം കഴിച്ചുകൂട്ടി. അവരുടെ ഉദാത്തമാതൃക നേരിൽ കണ്ടുപഠിച്ചു. ബാല്യത്തിൽ തന്നെ നബിയിൽനിന്ന് നേരിട്ട് ഖുർആൻ ഹൃദിസ്ഥമാക്കി. നബിചര്യ ഉൾക്കൊണ്ടു. അവർ നാലു ഖലീഫമാരുടെ സൽഭരണത്തിന് താങ്ങും തണലുമായി വർത്തിച്ചു. അമവീകാലഘട്ടം വരെ (എഴുപതിലധികവും അമ്പതിലധികവും പ്രായം) ജീവിച്ചു. പിൻഗാമികളായ താബിഉകൾക്ക് നബിയുടെയും സ്വഹാബത്തിന്റെയും ഉത്തമജീവിതമാതൃക കൈമാറി. ഇനി അബ്ദുല്ലമാരെക്കുറിച്ച്:

### അബ്ദുല്ലാഹിബ്നു അബ്ബാസ്

നബി(സ)യുടെ പിതൃവ്യൻ അബ്ബാസി(റ)ന്റെ മകൻ. ലുബാബയാണ് മാതാവ്. മാതൃസഹോദരി മൈമൂന. അവർ നബി പത്നിയായിരുന്നതിനാൽ ബാല്യത്തിൽ നബിയുടെ വീട്ടിൽ കഴിഞ്ഞുകൂടാൻ അബ്ദുല്ലാഹിബ്നു അബ്ബാസിന് ഏറെ അവസരങ്ങൾ ലഭിച്ചു. നബിയുടെ ആരാധനകൾ അനുകരിക്കുക, കണ്ടറിഞ്ഞു സേവനങ്ങൾ ചെയ്യുക, എന്തും പെട്ടെന്ന് ഗ്രഹിക്കുക തുടങ്ങി അബ്ദുല്ലയുടെ സൽഗുണങ്ങൾ കണ്ട് നബി പലതവണ പ്രാർഥിച്ചു. "അല്ലാഹുവേ! ഈ കുട്ടിക്ക് ഖുർആനും ഹിക്മത്തും അഗാധപാണ്ഡിത്യവും അവ ജനങ്ങൾക്ക് ഗ്രഹിപ്പിക്കാനുള്ള കഴിവും പ്രാപ്തിയും നൽകണേ." പ്രാർഥന ഫലിക്കുകയും ചെയ്തു. ഉമറുൽ ഫാറൂഖ് ഉൾപ്പെടെ സ്വഹാബികളിൽ പല

രും ഇസ്‌ലാമിക വിധികൾ തേടി ഇബ്നു അബ്ബാസിനെ സമീപിക്കുമായിരുന്നു.

ഹിജ്റക്ക് മുമ്പായി ശത്രുക്കൾ ശിഅ്ബു അബീത്വാലിബ് എന്ന മലഞ്ചെരുവിൽ മുസ്‌ലിംകളെ പട്ടിണിക്കിട്ടിരുന്നുവല്ലോ. മുസ്‌ലിം സമൂഹം ഈ ഉപരോധത്തിൽ കഴിയവെയാണ് അവിടെ വെച്ച് അബ്ദുല്ല ജനിക്കുന്നത്. നബി, നവജാതന്റെ തല തലതടവുകയും അവന് വേണ്ടി പ്രാർഥിക്കുകയും ചെയ്തു.

അവിടുന്നങ്ങോട്ട് നബിയുമായും മഹാന്മാരായ സ്വഹാബിമാരുമായും സഹവസിച്ചായിരുന്നു അബ്ദുല്ല വളർന്നത്. ഖുർആനിലും ഇസ്‌ലാമിക വിജ്ഞാനീയങ്ങളിലും അവഗാഹം നേടാനും ഖുർആന്റെ അവതരണ പശ്ചാത്തലങ്ങൾ സസൂക്ഷ്മം ഗ്രഹിക്കാനും മഹാന്മാരായ സ്വഹാബികളുടെ സ്വഭാവമഹിമ ഉൾക്കൊള്ളാനുമൊക്കെ അത് പ്രയോജനപ്പെട്ടു. പ്രവാചകന്റെ വിയോഗസമയത്ത് പതിമൂന്ന് വയസ്സായിരുന്നു പ്രായം. തുടർന്നും സച്ചരിതരായ സ്വഹാബികളോടൊപ്പം തന്നെയായിരുന്നു സഹവാസം. പണ്ഡിത ശ്രേഷ്ഠനെന്ന് സ്വദേശത്തും വിദേശത്തും ഖ്യാതി നേടി. ഖുർആന്റെ ഭാഷയും ആശയവും ഗ്രഹിക്കാനായി ജാഹിലിയ്യാ കാലത്തെ കവിതകൾ വശമാക്കിയിരുന്നു. നബി പ്രാർഥിച്ചിരുന്നപോലെ ഗവേഷണകഴിവ് കൂടിയായപ്പോൾ ജനങ്ങൾക്ക് മുഫ്തിയുമായി. വിവിധ വിഷയങ്ങളിൽ ദിനേന അറിവും മതവിധിയും തേടി വരുന്നവരുടെ എണ്ണം പെരുകിവന്നതോടെ ഖുർആൻ, ഹദീസ്, ഫിഖ്ഹ്, ഫത്‌വ, കവിത, യുദ്ധവിവരണം, അറബ് സംഭവങ്ങൾ തുടങ്ങി വിവിധ വിഷയങ്ങൾ അവരെ പഠിപ്പിക്കാൻ പ്രത്യേകം ദിവസങ്ങളും സമയങ്ങളും നിശ്ചയിക്കേണ്ടി വന്നു. ശിഷ്യഗണങ്ങളിലൂടെ പുറം നാടുകളിൽ പ്രചരിച്ച അദ്ദേഹത്തിന്റെ ഖുർആൻ വ്യാഖ്യാനങ്ങൾ അന്നും ഇന്നും ഇസ്‌ലാമിക ലോകത്ത് ആധികാരികവും അവലംബനീയവുമത്രെ. ഖുർആൻ വ്യാഖ്യാതാവ് മാത്രമല്ല, ഹദീസ് പണ്ഡിതനും കർമശാസ്ത്ര വിശാരദനുമാണ് അദ്ദേഹം. അദ്ദേഹം നിവേദനം ചെയ്ത 1660 ഹദീസുകൾ ഹദീസ് ഗ്രന്ഥങ്ങളിൽ സ്ഥലം പിടിച്ചിട്ടുണ്ട്.

നബിയുടെ രാത്രി നമസ്കാരങ്ങളിൽ ചിലപ്പോൾ നബിയുടെ പിന്നിൽ ഏക മഅ്മൂമായി ഉണ്ടാവുക അബ്ദുല്ലയായിരിക്കും. അങ്ങനെ രാത്രി നമസ്കാരം ശീലമായി. അത് മരണം വരെ തുടർന്നു. വ്രതാനുഷ്ഠാനവും പതിവായിരുന്നു. യുദ്ധരംഗത്തും മുൻനിരയിൽ, സൈന്യത്തോടൊപ്പം ആഫ്രിക്കവരെ സഞ്ചരിച്ചിട്ടുണ്ട്. ഭരണകാര്യങ്ങളിൽ ഉസ്മാൻ, അലി എന്നീ ഖലീഫമാർ ചുമതലപ്പെടുത്തിയ കാര്യങ്ങൾ ദൂരയാത്ര ചെയ്തും നിർവഹിച്ചു. അലി(റ)യുടെ കാലത്ത് ബസറയിലെ ഗവർണറായിരുന്നു.

ഔദാര്യത്തിന്റെയും ദാനധർമത്തിന്റെയും ആൾരൂപമായിരുന്നു അദ്ദേഹം. ഹിജ്റ ചെയ്ത് മദീനയിലെത്തിയ നബിതിരുമേനിക്കു വീട് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ചെയ്തുകൊടുത്ത അബൂ അയ്യൂബിൽ അൻസാരി ഇരുപതിനായിരം ദീനാറിന് കടപ്പെട്ട വിവരം അബ്ദുല്ല അറിഞ്ഞു. ഉടൻ 'താങ്കൾ നബിതിരുമേനിയെ ആദരിച്ച പോലെ ഞാനും ആദരിക്കാം' എന്ന് പറഞ്ഞ് നാൽപതിനായിരം ദീനാർ നൽകി അദ്ദേഹത്തെ സന്തോഷിപ്പിച്ചു.

പള്ളിയിൽ ഇഅ്തികാഫിലായിരിക്കെ അവടെ എത്തിച്ചേർന്ന ഒരാളെ അബ്ദുല്ല ശ്രദ്ധിച്ചു. ശോക മൂകമായിരുന്നു അയാളുടെ മുഖം. ദുഖകാരണം എന്തെന്ന് അദ്ദേഹം തിരക്കി. കടബാധ്യതയാണ് പ്രശ്നം എന്നറിഞ്ഞപ്പോൾ 'കടപ്പെട്ട കക്ഷിയെ ഞാൻ നേരിൽ കണ്ടു അവധി വാങ്ങിച്ചു വരാം' എന്നു പറഞ്ഞു പുറത്തേക്കിറങ്ങി. 'താങ്കൾ ഇഅ്തികാഫിലാണെന്ന് മറന്നുപോയോ!' എന്നായി ആഗതൻ. "അല്ല; ഇതാ ഈ ഖബ്റിന്നകത്തെ ആൾ –റസൂൽ(സ)– പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്. "തന്റെ സഹോദരന്റെ ആവശ്യത്തിനായി ഇറങ്ങിത്തിരിച്ചവൻ പത്ത് വർഷം ഇഅ്തികാഫിൽ കഴിച്ചുകൂട്ടിയവനേക്കാളും ഉത്തമനായിരിക്കും." അബ്ദുല്ലാഹിബ്നു അബ്ബാസ് പറഞ്ഞു.

പ്രായം ചെന്നവരെയും പണ്ഡിതന്മാരെയും ആദരിക്കുക എന്ന ചെറുപ്പകാല ശീലം മരണം വരെ തുടർന്നു. ഒരു കുട്ടിയെപ്പോലെയോ ഭൃത്യനെപ്പോലെയോ പെരുമാറും അപ്പോൾ. സദസ്സിലായാൽ സംസാരിക്കാൻ അത്തരക്കാർക്ക് അവസരം നൽകും. "ജനങ്ങളിൽ ഏറ്റം സൗമ്യൻ, മൃദുലഭാഷി, സാഹിത്യകാരൻ" എന്നൊക്കെയാണ് ജനങ്ങൾ അദ്ദേഹത്തെ വിശേഷിപ്പിച്ചിരുന്നത്. പൊക്കവും തടിവണ്ണവുമുള്ള ഇബ്നു അബ്ബാസ് വെളുത്ത സുന്ദരനും സദാപ്രസന്നനുമായിരുന്നു. നന്നായി വസ്ത്രധാരണം ചെയ്യും. ജീവിതത്തിന്റെ അന്ത്യയാമത്തിൽ കാഴ്ച നഷ്ടപ്പെട്ടു. ഹി. 68-ാം വർഷം ത്വാഇഫിൽ വെച്ചായിരുന്നു മരണം. ■

*(അടുത്ത ലക്കത്തിൽ: അബ്ദുല്ലാഹിബ്നു ഉമർ)*